©
കേരള സർക്കാർ
Government of Kerala
2026

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

കേരള ഗസറ്റ്
KERALA GAZETTE
അസാധാരണം
EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

വാല്യം 15
Vol. XV

തിരുവനന്തപുരം,
വ്യാഴം
Thiruvananthapuram,
Thursday

2026 മാർച്ച് 12
12th March 2026
1201 കുംഭം 28
28th Kumbham 1201
1947 ഫാൽഗുനം 21
21st Phalguna 1947

നമ്പർ
No.
1150

കേരള സർക്കാർ

ആരോഗ്യ കുടുംബക്ഷേമ (എസ്) വകുപ്പ്

വിജ്ഞാപനം

സ.ഉ. (അച്ചടി) നമ്പർ 24/2026/ആ.കു.വ. തിരുവനന്തപുരം, 2026 ഫെബ്രുവരി 21

1201 കുംഭം 9

എസ്. ആർ. ഒ. നമ്പർ 380/2026

2017-ലെ കേരള മെഡിക്കൽ വിദ്യാഭ്യാസം (സ്വകാര്യ മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിലേക്കുള്ള പ്രവേശനം ക്രമപ്പെടുത്തലും നിയന്ത്രിക്കലും) ആക്ടിന്റെ (2017-ലെ 15) 3 എ വകുപ്പ് പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ചുകൊണ്ട് കേരള സർക്കാർ 2019 ജൂൺ 29-ാം തീയതിയിലെ സ.ഉ. (അച്ചടി) നമ്പർ 58/2019/ആ.കു.വ നമ്പറായി പുറപ്പെടുവിച്ചതും 2019

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ജൂൺ 30–ാം തീയതിയിലെ 1440–ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്.ആർ.ഒ. നമ്പർ 430/2019 ആയി ഫീസ് നിയന്ത്രണ സമിതി രൂപീകരിച്ചുകൊണ്ട് പുറപ്പെടുവിച്ചതുമായ വിജ്ഞാപനത്തിൽ താഴെപ്പറയും പ്രകാരം ഭേദഗതി ചെയ്യുന്നു, അതായത്:–

ഭേദഗതി

പ്രസ്തുത വിജ്ഞാപനത്തിലെ 'എ' ഇനത്തിനു പകരം താഴെപ്പറയുന്ന ഇനം ചേർക്കേണ്ടതാണ്, അതായത്:–

"(എ) റിട്ട. ജസ്റ്റിസ്. ശ്രീ. കെ. കെ. ദിനേശൻ – ചെയർപേഴ്സൺ"
(റിട്ടയേർഡ് ഹൈക്കോടതി ജഡ്ജ്)

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
ഡോ. രാജൻ നാംദേവ് ഖൊബ്രഗഡെ ഐ.എ.എസ്
അഡീഷണൽ ചീഫ് സെക്രട്ടറി.

വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല. എന്നാൽ അതിന്റെ പൊതു ഉദ്ദേശ്യം വ്യക്തമാക്കാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.)

2019 ജൂൺ 29–ാം തീയതിയിലെ സ.ഉ.(അച്ചടി) നമ്പർ 58/2019/ആരോഗ്യം നമ്പരായി പുറപ്പെടുവിച്ചതും 2019 ജൂൺ 30–ാം തീയതിയിലെ 1440–ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്.ആർ.ഒ. നമ്പർ 430/2019 ആയി പ്രസിദ്ധപ്പെടുത്തിയതുമായ വിജ്ഞാപന പ്രകാരം ഫീസ് നിയന്ത്രണ സമിതി രൂപീകരിച്ച സർക്കാർ വിജ്ഞാപനം ചെയ്തിരുന്നു. 2025 സെപ്റ്റംബർ 30–ാം തീയതിയിലെ സ.ഉ.(അച്ചടി) നം. 91/2025/ആ.കു.വ. നമ്പറായി പുറപ്പെടുവിച്ചതും 2025 നവംബർ 01–ാം തീയതിയിലെ 3871–ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്.ആർ.ഒ. നമ്പർ 1263/2025 ആയി പ്രസിദ്ധപ്പെടുത്തിയതുമായ വിജ്ഞാപനം പ്രകാരം റിട്ട. ജസ്റ്റീസ് ശ്രീ ബാബു മാത്യൂ പി. ജോസഫ് –നെ പ്രസ്തുത സമിതിയുടെ ചെയർപേഴ്സൺ ആയി നിയമിച്ചു കൊണ്ട് ഭേദഗതി വിജ്ഞാപനം പുറപ്പെടുവിച്ചിരുന്നു. എന്നാൽ റിട്ട. ജസ്റ്റീസ് ശ്രീ ബാബു മാത്യൂ പി. ജോസഫ് തൽ സ്ഥാനത്ത് തുടരാൻ താല്പര്യമില്ലായെന്ന് സർക്കാരിനെ അറിയിച്ചിട്ടുള്ള സാഹചര്യത്തിൽ

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

റിട്ടയേർഡ് ജസ്റ്റീസ് ശ്രീ. കെ.കെ ദിനേശനെ പകരം നിയമിക്കുവാനും വിജ്ഞാപനത്തിൽ ഭേദഗതി വരുത്തുവാനും സർക്കാർ തീരുമാനിച്ചു.

പ്രസ്തുത ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2026

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by VEERAN T
Date:2026.03.12 08:57:23 +05:30